**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി. വി. അൻവർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളുടെ കൺസോർഷ്യങ്ങളിലൂടെ എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് ഉത്തേജനം നൽകുന്ന ഒരു വ്യവസായ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| (ബി) | അടുത്ത മൂന്നര വർഷങ്ങൾക്കുള്ളിൽ എത്ര പാർക്കുകൾ തുടങ്ങാനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; ഇതിലൂടെ എത്ര ഏക്കർ പ്രദേശത്ത് വ്യവസായം തുടങ്ങാൻ കഴിയുമെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് ഉത്തേജനം നൽകുന്ന ഒരു വ്യവസായ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| (സി) | വനിതാ വ്യവസായ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനും പുതിയ യൂണിറ്റുകൾ സ്ഥാപിച്ച് വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിനും പദ്ധതികളുണ്ടോ; പ്രസ്തുത സംരംഭങ്ങളിൽ നവീകരണവും പ്രൊഫഷണലിസവും ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | വനിതാ വ്യവസായ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനും പുതിയ യൂണിറ്റുകൾ സ്ഥാപിച്ച് വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിനുമായി 2023 മാർച്ച് 01-ന് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുമായി ചേർന്ന് നടത്തിയ സംയുക്തയോഗത്തിൽ വ്യവസായ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി വനിത സഹകരണ സംഘങ്ങളെ ഉല്പാദന യൂണിറ്റുകളാക്കി മാറ്റുന്നതിനായി തീരുമാനിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള സംഘങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വനിത സഹകരണ സംഘങ്ങളുടെ സംരംഭക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | സഹകരണ വകുപ്പിന് കീഴിലുള്ള **944** വനിത സഹകരണ സംഘങ്ങളിൽ വ്യവസായ വകുപ്പ് സർവ്വേ നടത്തിയതിൽ സംരംഭകമേഖലയിൽ പ്രവർത്തിക്കുന്ന **208** സംഘങ്ങൾ കണ്ടെത്തുകയും അവയുടെ പ്രവർത്തനം നവീകരിച്ച് പ്രൊഫഷണലിസത്തോടുകൂടി വ്യവസായവത്ക്കരണ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നിലവിൽ വ്യവസായ വകുപ്പിൻകീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന ജനറൽ ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കായി ഒരു പുതിയ പദ്ധതി നടപ്പുവർഷം വിഭാവനം ചെയ്യുകയും 49 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രയോജനം വനിത സഹകരണ സംഘങ്ങൾക്കും താഴെ പറയുന്ന പ്രകാരം ലഭ്യമാകുന്നതാണ്.<br><br>നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി വർക്ക് ഷെഡിന്റെ വിപുലീകരണം/ ആധുനികവൽക്കരണം വൈവിധ്യവത്കരണം/ പരിപാലനം അല്ലെങ്കിൽ വർക്ക് ഷെഡിന്റെ നിർമ്മാണത്തിനായോ ഗ്രാൻഡ് ഇൻ എയ്ഡ് രൂപത്തിൽ സഹായം നൽകുന്നതിനായോ പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാലഹരണപ്പെട്ട യന്ത്ര സാമഗ്രികൾ/ സാങ്കേതികവിദ്യയും കാരണം കഴിഞ്ഞ ആറു മാസങ്ങളിലായി പ്രവർത്തനരഹിതമായ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനുള്ള അംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ സഹായം നൽകുന്നതാണ്. സഹായം സ്വീകരിക്കുന്ന സൊസൈറ്റികൾ മൂന്നുമാസത്തിനുള്ളിൽ പ്രവർത്തനം പുനരാരംഭിക്കാൻ ബാധ്യസ്ഥർ ആണ്. കൂടാതെ സഹായം ലഭിച്ച തീയതി മുതൽ മൂന്നു വർഷത്തേക്ക് തുടർച്ചയായി പ്രവർത്തിക്കുകയും വേണം. ഈ പദ്ധതികൾ ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ